പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 328

# 2010-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 328

# 2010-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

245/2010.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 328

# 2010-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്
വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 149-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 149-ാം വകുപ്പ് (2)-ാം ഉപവകുപ്പിന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, സന്ദർഭം ആവശ്യപ്പെടുന്ന പക്ഷം, വിവിധ തലങ്ങളിലെ പഞ്ചായത്തുകളിലേക്ക് ഒരേ സമയം പൊതു തിരഞ്ഞെടുപ്പ് നടത്തുന്നത് സാദ്ധ്യമാകുന്നതിന്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെടുന്നതനുസരിച്ച്, ഒഴിവുകളുണ്ടാകുന്നതിന് മുൻപുള്ള ആറുമാസത്തിനുള്ളിൽ പൊതു തിരഞ്ഞെടുപ്പ് നടത്താവുന്നതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 149-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം, ഒരു പഞ്ചായത്തിലെ അംഗങ്ങളുടെ ഉദ്യോഗ കാലാവധി ആ പഞ്ചായത്തിന്റെ ആദ്യ യോഗം ചേരുന്നതിന് നിശ്ചയിച്ച തീയതി മുതൽ അഞ്ച് വർഷം ആയിരിക്കുന്നതും (2)-ാം ഉപവകുപ്പുപ്രകാരം, ഏതെങ്കിലും തലത്തിലുള്ള പഞ്ചായത്തിലെ അംഗങ്ങളുടെ സ്ഥാനത്തുണ്ടാകുന്ന സാധാരണ ഒഴിവുകൾ, ആ ഒഴിവുകൾ ഉണ്ടാകുന്നതിന് മുമ്പുള്ള മൂന്നു മാസത്തിനുള്ളിൽ പൊതു തിരഞ്ഞെടുപ്പ് മുഖാന്തിരം നികത്തേണ്ടതുമാണ്.

245/2010.

2. സംസ്ഥാനത്തെ ചില ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്നതിന് മൂന്ന് മാസം മുമ്പ്, നിലവിലുള്ള നിയമപ്രകാരം സംസ്ഥാനത്തെ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി ഒരേ സമയം തിരഞ്ഞെടുപ്പ് നടത്തുന്നതിന് സാധിക്കുകയില്ലെന്നും ഏതാനും ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്ക് മാത്രമായി പിന്നീട് പൊതു തിരഞ്ഞെടുപ്പ് നടത്തുന്നതിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതുമാണ്. ആയതിനാൽ ടി ആക്റ്റിലെ 149-ാം വകുപ്പ് (2)-ാം ഉപവകുപ്പ് ഉചിതമായി ഭേദഗതി ചെയ്യണമെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും പൊതുതിരഞ്ഞെടുപ്പ് ഒഴിവുകളുണ്ടാകുന്നതിന് മുമ്പുള്ള ആറുമാസത്തിനുള്ളിൽ നടത്താൻ കഴിയുന്ന വിധത്തിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 149-ാം വകുപ്പ് (2)-ാം ഉപവകുപ്പിനുശേഷം ക്ലിപ്ത നിബന്ധന ചേർത്ത് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

3. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്ന് യാതൊരു ചെലവും ഉണ്ടാകുന്നില്ല.

പാലോളി മുഹമ്മദ് കുട്ടി

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ പ്രസക്തഭാഗം
## (1994-ലെ 13)

149. അംഗങ്ങളുടെ ഉദ്യോഗ കാലാവധി.—(1) ഒരു ഗ്രാമപഞ്ചായത്തിലേയോ, ഒരു ബ്ലോക്ക് പഞ്ചായത്തിലേയോ, അല്ലെങ്കിൽ ഒരു ജില്ലാ പഞ്ചായത്തിലേയോ അംഗങ്ങളുടെ ഉദ്യോഗകാലാവധി ആ പഞ്ചായത്തിന്റെ ആദ്യയോഗം ചേരുന്നതിന് നിശ്ചയിച്ച തീയതി മുതൽ അഞ്ചുവർഷം ആയിരിക്കുന്നതാണ്.

(2) ഏതെങ്കിലും തലത്തിലുള്ള പഞ്ചായത്തിലെ അംഗങ്ങളുടെ സ്ഥാനത്തിലുണ്ടാകുന്ന സാധാരണ ഒഴിവുകൾ, ആ ഒഴിവുകൾ ഉണ്ടാകുന്നതിന് മുമ്പുള്ള മൂന്ന് മാസത്തിനുള്ളിൽ, സർക്കാർ യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള തീയതിയിലോ തീയതികളിലോ നടത്തുവാൻ നിശ്ചയിക്കുന്ന പൊതു തിരഞ്ഞെടുപ്പ് മുഖാന്തിരം നികത്തേണ്ടതാണ്.

(3) ഏതെങ്കിലും തലത്തിലുള്ള പഞ്ചായത്ത് അംഗത്തിന്റെ സ്ഥാനത്തിലുണ്ടാകുന്ന ആകസ്മിക ഒഴിവ്, ആ ഒഴിവ് ഉണ്ടായതിനുശേഷം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആറ് മാസത്തിനകം ഉപതിരഞ്ഞെടുപ്പ് മുഖേന നികത്തേണ്ടതാണ്.